## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *111 — 29.09.2011- ൽ മറുപടിയ്ക്ക്

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

**ചോദ്യം**
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. സി. ദിവാകരൻ
ശ്രീ. വി. ശശി
ശ്രീ. പി. തിലോത്തമൻ

**ഉത്തരം**
ശ്രീ. പി.കെ.അബ്ദുറബ്ബ്
(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നിവ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷയുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് ഇവ സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

(എ) & (ബി) ഉണ്ട്. പാർലമെന്റിലെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാന എം.പി മാരുടെ യോഗത്തിൽ സംസ്ഥാനത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്ഥാപിക്കുന്നതിനായി കൂട്ടായ പരിശ്രമം നടത്താൻ തീരുമാനിക്കുകയുണ്ടായി. 2011 സെപ്റ്റംബർ 22 മുതൽ കേരള മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ മന്ത്രിയുടേയും നേതൃത്വത്തിൽ ഡൽഹി സന്ദർശിച്ച ഉന്നതതല മന്ത്രി സംഘം ഈ ആവശ്യം ഉന്നയിച്ച് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് നിവേദനം നൽകുകയും 2012 ൽ ആരംഭിക്കുന്ന 12-ാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിന് ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര മാനവ വിഭവ വികസന ശേഷി വകുപ്പ് സഹ മന്ത്രിയുമായും നടത്തിയ ചർച്ചയിലാണ് ഈ ഉറപ്പ് ലഭിച്ചത്.

കോട്ടയം ജില്ലയിലെ പാലായിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കുന്നതിന് 15.09.2011

തീയതി യിലെ G.O(Ms) No. 28/2011/ITD നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകുകയു ണ്ടായി. കൂടാതെ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥ യിൽ ഈ സ്ഥാപനം തുടങ്ങുന്ന തിനുവേണ്ടി അനുയോജ്യമായ വ്യവസായ പങ്കാളികളെ കണ്ടെ ത്തുന്നതിന് വേണ്ട അനന്തര നടപടികൾ കൈക്കൊള്ളുവാൻ KSIDC യെ ചുമതലപ്പെടുത്തു കയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ പെട്ടെന്നു തന്നെ സ്ഥാപിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**